കോഴിക്കോട് നഗരത്തിനും സമീപത്തുള്ള 16 ഗ്രാമങ്ങൾക്കും, കണ്ണൂർ ജില്ലയിലെ പട്ടുവം ഉൾപ്പെടെ 10 വില്ലേജുകൾക്കും തളിപ്പറമ്പ് മുനിസിപ്പാലിറ്റിക്കും, ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കും.

(ഡി) സംസ്ഥാനത്ത് നിലവിൽ 158 മേജർ ഗ്രാമീണ പദ്ധതികളുടെ 42 മേജർ നഗരശുദ്ധജല വിതരണ പദ്ധതികളുടേയും പണികളാണ് നടന്നുവരുന്നത്. സാധാരണയായി ശുദ്ധജലവിതരണ പദ്ധതികൾ അവയുടെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് 3-4 കൊല്ലംകൊണ്ടു പൂർത്തിയാക്കുവാൻ ലക്ഷ്യമിട്ടു തയ്യാറാക്കപ്പെടുന്നവയാണ്. പദ്ധതികളുടെ നടത്തിപ്പിനാവശ്യമായ ഭൂമി ലഭിക്കുന്നതിൽ വരുന്ന കാലതാമസം, ധനാഗമനമാർഗ്ഗം, നിർമ്മാണ സാധനങ്ങൾ, പൈപ്പ് തുടങ്ങിയവ ലഭിക്കുന്നതിൽ വരുന്ന കാലതാമസം, ടെൻഡറുകൾക്ക് അംഗീകാരം ലഭിക്കുന്നതിനുള്ള കാലതാമസം എന്നിവയെ ആശ്രയിച്ച് പദ്ധതിയുടെ പൂർത്തീകരണം നീണ്ടുപോകാറുണ്ട്. പദ്ധതിയുടെ നടത്തിപ്പിൽ വരുന്ന കാലതാമസങ്ങൾ ലഘൂകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. 128 പദ്ധതികൾ "2000 മാണ്ടോടുകൂടി എല്ലാവർക്കും കുടിവെള്ളം" എന്ന പരിപാടിയിൽ ഉൾപ്പെടുത്തി സമയബന്ധിതമായി പൂർത്തിയാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ ഇനത്തിൽ നാളിതുവരെ 42 പദ്ധതികൾ പൂർണ്ണമായും 8 പദ്ധതികൾ ഭാഗികമായും കമ്മീഷൻ ചെയ്തിട്ടുണ്ട്.

(ഇ) അനുബന്ധമായി ചേർക്കുന്നു.†

20 (*346) ജലസേചനപദ്ധതികൾ നടപ്പിലാക്കുന്നതിനും വെള്ളക്കരം ചുമത്തുന്നതിനും പഞ്ചായത്തുകൾക്ക് അധികാരം നല്കുന്നതിനുള്ള നടപടി

ശ്രീ. ജോസ് ബേബി :
ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) :
ശ്രീമതി ആർ. ലതാദേവി :

ശ്രീ. പി. രാജു : താഴെ കാണുന്ന ചോദ്യത്തിന് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ജലസേചന പദ്ധതികൾ നടപ്പിലാക്കുന്നതിനും അനുയോജ്യമായ തരത്തിൽ വെള്ളക്കരം ചുമത്തുന്നതിനും പഞ്ചായത്തുകൾക്ക് അധികാരം നല്കുന്ന നിയമനിർമ്മാണം നടത്തിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) :

ജലസേചന പദ്ധതികളിൽനിന്ന് വെള്ളക്കരം ഈടാക്കാൻ തദ്ദേശഭരണ സ്ഥാപനങ്ങളെ അനുവദിക്കുന്ന വ്യവസ്ഥകൾ ഒന്നുംതന്നെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിൽ ഇപ്പോൾ നിലവിലില്ല. എന്നാൽ, 1999-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ആക്ടിലെ (1999-ലെ 13-ാം ആക്ട്) സെക്ഷൻ 234 സി പ്രകാരം ഒരു പഞ്ചായത്തിന്റെ ഭൂപ്രദേശത്തിനുള്ളിൽ ജല വിതരണ പദ്ധതി തയ്യാറാക്കുന്നതിനും അവ നടപ്പിലാക്കുന്നതിനും അതാത്

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

പഞ്ചായത്തിന് അവകാശവും അധികാരവും ഉണ്ടായിരിക്കുന്നതും നിർണ്ണയിക്കപ്പെട്ട രീതിയിൽ വാട്ടർ ചാർജ്ജ് ഈടാക്കാവുന്നതുമാണ്.

പഞ്ചായത്തുകളുടെ പരിധികൾക്കുള്ളിൽ വരുന്ന ചെറുകിട ജലസേചന പദ്ധതികളുടെയും പെറ്റി ഇറിഗേഷൻ പദ്ധതികളുടെയും നിർമ്മാണ പ്രവർത്തനങ്ങൾ 1994 ലെ കേരള പഞ്ചായത്ത് ആക്ട് പ്രകാരം അതാതു പഞ്ചായത്തുകൾ തന്നെ ഏറ്റെടുത്തു നടത്തിവരുന്നു. ഇപ്പോൾ വെള്ളക്കരം 1994 ലെ ട്രാവൻകൂർ കൊച്ചിൻ ഇറിഗേഷൻ അമെന്റ്മെന്റ് ആക്ടിലെ നിയമപ്രകാരവും 1950 ലെ മലബാർ ഇറിഗേഷൻ വർക്കു നിയമങ്ങളുടെ 1974 ലുള്ള അമെന്റ്മെന്റ് നോട്ടിഫിക്കേഷൻ പ്രകാരവും റവന്യൂ ഡിപ്പാർട്ടുമെന്റ് ചുമത്തി വരുന്നു.

21 (*347) തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ അനുമതി

ശ്രീ. കെ. പ്രകാശ് ബാബു :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. യു.എസ്. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെങ്കിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനായി ഗവണ്മെന്റിന്റെ അനുമതി തേടിയിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം;

(സി) ഇതിൽ എത്രയെണ്ണത്തിന് എന്തെല്ലാം വ്യവസ്ഥകൾക്ക് വിധേയമായി അനുമതി നൽകി എന്ന് വെളിപ്പെടുത്തുമോ;

(ഡി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വൈദ്യുതി ഉൽപ്പാദനത്തിനായി ഗവണ്മെന്റ് നൽകുന്ന സഹായങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) ഉണ്ട്.

(ബി) പാലക്കാട്, കോഴിക്കോട്, മലപ്പുറം, കണ്ണൂർ എന്നീ ജില്ലാ പഞ്ചായത്തുകൾ.

(സി) മേൽപ്പറഞ്ഞ നാല് ജില്ലാ പഞ്ചായത്തുകൾക്കും ഓരോ ചെറുകിട ജലവൈദ്യുത പദ്ധതി വീതം തുടങ്ങുന്നതിന് വൈദ്യുതി ബോർഡ് അനുമതി നൽകിയിട്ടുണ്ട്. വ്യവസ്ഥകൾ നിർണ്ണയിച്ചിട്ടില്ല. ഇത് സംബന്ധിച്ച് ബോർഡുമായി ചർച്ച ചെയ്തു വരികയാണ്.

(ഡി) പദ്ധതി നടപ്പിലാക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ആവശ്യമായ സാങ്കേതിക ഉപദേശവും മറ്റും വൈദ്യുതി ബോർഡ് നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly